**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5147** **11-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്തേക്ക് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരാൻ ആസൂത്രിത നീക്കങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഇതിന് തടയിടാൻ എന്തെല്ലാം ഇടപെടലുകളാണ് എക്സൈസ് സേന നടത്തിവരുന്നത്; അറിയിക്കാമോ; | (എ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ലഹരി വസ്തുക്കളുടെ ഒഴുക്ക് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുകയും ബോർഡർ പട്രോളിംഗും, വാഹന പരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഫീൽഡ് യൂണിറ്റിലെ വിവിധ ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ കണ്ടെടുത്തും, സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ചും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. |
| (ബി) | വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാലയങ്ങളിൽ കഴിഞ്ഞ സർക്കാർ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | സ്വീകരിക്കുന്നതാണ്. |
| (സി) | ചികിത്സയും പുനരധിവാസവും ഉൾപ്പെടുത്തി ആധുനിക നിലവാരത്തിലുള്ള ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ മേഖലകളിലായി സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 3 മേഖലകളിൽ ലഹരിക്കടിമപ്പെട്ടവർക്ക് പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിമുക്തി മിഷൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ